ലക്ഷം രൂപയ്ക്കുമേൽ ചെലവുവരുന്ന പാലങ്ങൾക്കുമാണ് ടോൾ പിരിച്ചുവരുന്നത്.

(സി) ഇല്ല. മുടക്കിയ തുകയും അതിന്റെ ഒൻപത് ശതമാനം സാധാരണ പലിശയും അടഞ്ഞുതീരുമ്പോൾ ടോൾ പിരിവ് നിർത്തണമെന്നാണ് നിലവിലുള്ള നിയമം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

117 (1661) വക്കം പണയിൽക്കടവ് പാലം പണി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം പണയിൽക്കടവ് പാലം പണി എന്നാണ് ആരംഭിച്ചത്;

(ബി) ഈ പാലം പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പണയിൽക്കടവ് പാലം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) 7.3.90-ൽ.

(ബി) പ്രസ്തുത പാലം പണിയുടെ ബാക്കി പണികൾക്കുള്ള കരാർ അംഗീകരിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്, താമസിയാതെ കരാർ ഉറപ്പിച്ച് പണി പുനരാരംഭിക്കുന്നതാണ്.

(സി) 2001-ൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

118 (1662) പനമരം കൂടൽകടവ് പാലങ്ങൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പനമരം കൂടൽകടവ് പാലങ്ങളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ മതിപ്പു ചെലവ് തുക എത്രയാണെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനുവേണ്ട തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പാലങ്ങൾക്കുവേണ്ട അപ്രോച്ച് റോഡിന്റെ പണിക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പനമരം, കൂടൽകടവ് പാലങ്ങളുടെ പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 1999 മേയ് മാസത്തിലാണ് ആരംഭിച്ചത്.

(ബി) പനമരം പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ മതിപ്പ് തുക 174 ലക്ഷവും മാനന്തവാടി പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ മതിപ്പ് തുക 182

LIBRARY ARCHIVES Kerala Legislative Assembly